## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 832 28.02.2018 -ൽ മറുപടിക്ക്

### പെരിങ്ങമ്മല പഞ്ചായത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കരിയർ ഡെവലപ്മെന്റ് സെന്ററും

**ചോദ്യം**
ശ്രീ. ഡി.കെ. മുരളി

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പെരിങ്ങമ്മല പഞ്ചായത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കരിയർ ഡെവലപ്മെന്റ് സെന്ററും ആരംഭിക്കുവാൻ നടപടിയുണ്ടോ;എങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (എ) | പരിശോധിച്ചുവരുന്നു. |

അന്തിമ മറുപടി

| | | | |
|---|---|---|---|
| (എ) | പെരിങ്ങമ്മല പഞ്ചായത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കരിയർ ഡെവലപ്മെന്റ് സെന്ററും ആരംഭിക്കുവാൻ നടപടിയുണ്ടോ,എങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (എ) | നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിലെ നിലവിലെ ഉദ്യോഗസ്ഥർക്ക് അധികചുമതല നൽകിക്കൊണ്ട് തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല പഞ്ചായത്തിൽ പാലോട് ആസ്ഥാനമായി ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് 11.07.2018 ലെ സ.ഉ. (സാധാ) നം.823/2018/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ്-നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്(കേരളം)- തിരുവനന്തപുരം ജില്ലയിലെ പാലോട് ആസ്ഥാനമായി ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തൊഴിലും നൈപുണ്യവും (ജി)വകുപ്പ്**

**സ.ഉ.(സാധാ) നം.823/2018/തൊഴില്** തീയതി,തിരുവനന്തപുരം, 11/07/2018

---

പരാമർശം:- 1.അഡ്വ.ഡി.കെ.മുരളി എം.എൽ.എ.12.01.2018ൽ ബഹു.തൊഴിൽ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനം

2.എംപ്ലോയ്മെന്റ് ഡയറക്ടറുടെ 02.05.2018,11.06.2018തീയതികളിലെ ക്യു2/3370/2018/ഡി.ഇ.നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

പാലോട് കേന്ദ്രമാക്കി ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കരിയർ ഡെവലപ്മെന്റ് സെന്ററും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന പരാമർശം ഒന്നിലെ നിവേദനത്തിലെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ പാലോട് ആസ്ഥാനമായി ഒരു ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ പരാമർശം രണ്ടിലെ കത്ത് മുഖേന എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ചിരുന്നു. 2018-19സാമ്പത്തികവർഷത്തിൽ എംപ്ലോയബിലിറ്റി സെന്റർ/കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും പാലോട് ആസ്ഥാനമായി ഒരു ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കാവുന്നതാണെന്നും ആയത് ആരംഭിക്കുന്നതിനാവശ്യമായ അധിക സാമ്പത്തികബാദ്ധ്യത സർക്കാരിന് ഇപ്പോൾ ഏറ്റെടുക്കാൻ കഴിയുകയില്ലെങ്കിൽ തൽക്കാലം വകുപ്പിലെ നിലവിലെ ഉദ്യോഗസ്ഥർക്ക്

അധികച്ചുമതല നൽകാമെന്നും തസ്തിക അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിക്കാമെന്നും എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഈ ആവശ്യം പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ പാലോട് ആസ്ഥാനമായി ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ് മെന്റ് സെന്റർ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ നിലവിലെ ഉദ്യോഗസ്ഥർക്ക് അധികച്ചുമതല നൽകിക്കൊണ്ട്, ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ്ജു.എസ്
അഡീഷണൽ സെക്രട്ടറി

അഡ്വ.ഡി.കെ.മുരളി എംഎൽഎ,'ശ്രീ 'വീട്,ആറ്റിങ്ങൽ റോഡ്,വെഞ്ഞാറമ്മൂട്,തിരുവനന്തപുരം-695607 (ആമുഖ കത്ത് സഹിതം)

എംപ്ലോയ്മെന്റ് ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ